✎ ടി.കെ ഉബൈദ്

ഖുര്‍ആന്‍ ബോധനം

# 1171

# സൂറ-41 / ഹാമീം അസ്സജദ - ഫുസ്സ്വിലത്

## സൂക്തം: 37 – 40

നിങ്ങള്‍ പ്രവര്‍ത്തിക്കുന്നതൊക്കെയും അല്ലാഹു സൂക്ഷ്മമമായി നിരീക്ഷിക്കുന്നുണ്ട്. സ്രഷ്ടാവ് സൃഷ്ടികളുടെ പ്രവര്‍ത്തനം നിരീക്ഷിക്കുന്നത് നേരം പോക്കായിട്ടല്ല; സ്രഷ്ടാവ് കല്‍പിച്ച ധര്‍മങ്ങള്‍ സൃഷ്ടി നിര്‍വഹിക്കുന്നുണ്ടോ ഇല്ലേ എന്നറിയാനും ആ അറിവനുസരിച്ച് അവര്‍ക്ക് രക്ഷാശിക്ഷകള്‍ വിധിക്കാനുമാകുന്നു.

وَمِنْ ءَايَٰتِهِ ٱلَّيْلُ وَٱلنَّهَارُ وَٱلشَّمْسُ وَٱلْقَمَرُ ۚ لَا تَسْجُدُوا۟
لِلشَّمْسِ وَلَا لِلْقَمَرِ وَٱسْجُدُوا۟ لِلَّهِ ٱلَّذِى خَلَقَهُنَّ إِن
كُنتُمْ إِيَّاهُ تَعْبُدُونَ ﴿٣٧﴾
فَإِنِ ٱسْتَكْبَرُوا۟ فَٱلَّذِينَ عِندَ رَبِّكَ يُسَبِّحُونَ لَهُۥ بِٱلَّيْلِ
وَٱلنَّهَارِ وَهُمْ لَا يَسْـَٔمُونَ ۩ ﴿٣٨﴾

37. രാപ്പകലുകളും സൂര്യചന്ദ്രന്മാരും അവന്റെ ദൃഷ്ടാന്തങ്ങളില്‍പെട്ടതാകുന്നു. സൂര്യചന്ദ്രന്മാരെ നിങ്ങള്‍ ആരാധിച്ചുകൂടാ. ആരാധിക്കേണ്ടത് അവയെ സൃഷ്ടിച്ച അല്ലാഹുവിനെയാകുന്നു. ആ സ്രഷ്ടാവിനെ തന്നെയാണ് നിങ്ങള്‍ ആരാധിക്കുന്നതെങ്കില്‍.

38. ഈ ഉപദേശം അവര്‍ അഹന്തയോടെ ധിക്കരിക്കുന്നുവെങ്കില്‍ അതുകൊണ്ട് അല്ലാഹുവിന് ഒരു ദോഷവുമില്ല. നിന്റെ നാഥനോട് അടുപ്പമുള്ളവരൊക്കെയും രാപ്പകല്‍ ഭേദമന്യെ അവനെ വാഴ്ത്തിക്കൊണ്ടിരിക്കുകയാകുന്നു. അതില്‍ അവര്‍ മുഷിയുന്നില്ല.

**37,38**

وَمِنْ آيَاتِهِ = അവന്റെ ദൃഷ്ടാന്തങ്ങളില്‍ പെട്ടതാകുന്നു

اللَّيْلُ وَالنَّهَارُ = (രാപ്പകലുകളും) രാവും പകലും وَالشَّمْسُ وَالْقَمَرُ = സൂര്യചന്ദ്രന്മാരും

لَا تَسْجُدُوا لِلشَّمْسِ وَلَا لِلْقَمَرِ = (സൂര്യചന്ദ്രന്മാരെ ആരാധിച്ചുകൂടാ) സൂര്യനു നിങ്ങള്‍ സുജൂദ് ചെയ്തുകൂടാ, ചന്ദ്രനും പാടില്ല

وَاسْجُدُوا لِلَّهِ الَّذِي خَلَقَهُنَّ= ആരാധിക്കേണ്ടത് (അവനെയാണ്) അവയെ സൃഷ്ടിച്ചവനായ അല്ലാഹുവിന് സുജൂദ് ചെയ്യുവിന്‍

إِن كُنتُمْ إِيَّاهُ تَعْبُدُونَ= അവനെ (ആ സ്രഷ്ടാവിനെ തന്നെ)യാണ് നിങ്ങള്‍ ആരാധിക്കുന്നതെങ്കില്‍

فَإِنِ اسْتَكْبَرُوا = അവര്‍ (ഈ ഉപദേശം അഹന്തയോടെ) ധിക്കരിക്കുന്നുവെങ്കില്‍ (അതുകൊണ്ട് അല്ലാഹുവിന് ഒരു ദോഷവുമില്ല)

فَالَّذِينَ عِندَ رَبِّكَ = നിന്റെ നാഥന്റെ അടുക്കലുള്ളവര്‍ (ഥനോട് അടുപ്പമുള്ളവരൊക്കെയും)

يُسَبِّحُونَ لَهُ = അവനെ വാഴ്ത്തിക്കൊണ്ടിരിക്കുകയാകുന്നു

بِاللَّيْلِ وَالنَّهَارِ = രാപ്പകല്‍(ഭേദമന്യെ) وَهُمْ لَا يَسْأَمُونَ = അവര്‍ (അതില്‍ ഒട്ടും) മുഷിയുന്നില്ല

മുൻസൂക്തത്തിൽ അല്ലാഹുവിന്റെ സർവജ്ഞതയും സർവശ്രവണവും പരാമർശിച്ചതിനെത്തുടർന്ന് അതിനുള്ള സാക്ഷ്യമായി നേരത്തെ 9-12 സൂക്തങ്ങൾ പ്രസ്താവിച്ച വിവരണത്തിലേക്ക് മടങ്ങുകയാണ്. ഭൂമിയുടെയും മനുഷ്യന്റെയും നിലനിൽപിൽ രാപ്പകലുകളുടെ കൃത്യതയാർന്നതും ക്രമാനുഗതവുമായ ആവർത്തനത്തിനുള്ള പങ്ക് അതിപ്രധാനവും വിപുലവുമാണ്. അല്ലാഹുവിന്റെ സൃഷ്ടിവൈഭവത്തിന്റെയും ഏകത്വത്തിന്റെയും അനിഷേധ്യമായ ദൃഷ്ടാന്തങ്ങളാണ് രാപ്പകൽ ഭേദത്തിൽ വിളങ്ങുന്നത്.

രാപ്പകലുകളും സൂര്യചന്ദ്രന്മാരും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. പകൽ സൂര്യനും രാത്രി ചന്ദ്രനും പ്രകാശിക്കുന്നു. സൂര്യൻ ഇല്ലെങ്കിൽ പകൽ ഇല്ല. രാവിലും ചന്ദ്രനിലൂടെ വെളിച്ചം പ്രസരിപ്പിക്കുന്നത് സൂര്യൻ തന്നെയാണ്. ഓരോ വ്യക്തിയും നിത്യജീവിതത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുന്നതാണ് രാപ്പകൽ പ്രതിഭാസവും അതിന്റെ അനുഗ്രഹങ്ങളും. അതുകൊണ്ടാണ് ഖുർആൻ രാപ്പകലുകളെ സുവ്യക്തമായ ദൈവിക ദൃഷ്ടാന്തങ്ങളായി ആവർത്തിച്ചു ചൂണ്ടിക്കാട്ടുന്നത്. കൂടുതൽ വിശദീകരണം, രാപ്പകലുകളെയും സൂര്യചന്ദ്രന്മാരെയും പരാമർശിച്ചുകൊണ്ട് നേരത്തെ വന്നിട്ടുള്ള സൂക്തങ്ങൾക്കു താഴെ കാണുക.

പ്രപഞ്ചം മുഴുവൻ ദൈവിക ദൃഷ്ടാന്തങ്ങൾ നിറഞ്ഞു കിടക്കുകയാണ്. അതിൽ ചിലതു മാത്രമാണ് രാപ്പകലുകളും സൂര്യചന്ദ്രന്മാരും. അതുകൊണ്ടാണ് അവയെ 'അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാകുന്നു' وَمِنْ آيَاتِهِ-എന്നു വിശേഷിപ്പിച്ചത്. സൂര്യചന്ദ്രന്മാരുടെ തേജസ്സിന്റെയും അവയിലൂടെ ലഭിക്കുന്ന അനുഗ്രഹങ്ങളുടെയും പേരിൽ ചില ആളുകൾ ഈ ദൃഷ്ടാന്തങ്ങൾ സാക്ഷ്യപ്പെടുത്തുന്നത് ഏതു യാഥാർഥ്യത്തെയാണോ ആ യാഥാർഥ്യത്തെ അവഗണിച്ചുകൊണ്ട് ദൃഷ്ടാന്തങ്ങളെ ദൈവങ്ങളായി പ്രതിഷ്ഠിച്ച് ആരാധിക്കുന്നുണ്ട്. പുരാതന യമനികൾ സൂര്യാരാധകരായിരുന്നുവെന്ന് ഖുർആൻ പറയുന്നുണ്ട്. ഈജിപ്തിലെ ഫറവോനികളും സൂര്യാരാധകരായിരുന്നുവെന്ന് പറയപ്പെടുന്നു. ഈ ദേശങ്ങളിൽനിന്ന് അറേബ്യയിലും സൂര്യാരാധന പ്രചരിച്ചിട്ടുണ്ടാവാം. ഖുർആൻ അവതരിക്കുന്ന കാലത്തുണ്ടായിരുന്ന സ്വാബിഉകൾ സൂര്യനെ ദൈവമായി കരുതിയിരുന്നുവത്രെ. പ്രവാചകന്റെ കാലത്തും അറബികൾ മക്കൾക്ക് അബ്ദുശ്ശംസ് (സൂര്യദാസൻ) എന്നു പേരിടാറുണ്ടായിരുന്നുവെന്നത് സൂര്യൻ ദൈവമാണെന്ന സങ്കൽപം അവർക്ക് സുപരിചിതമായിരുന്നുവെന്ന് സൂചിപ്പിക്കുന്നു. സൂര്യചന്ദ്രന്മാരെ ആരാധിക്കുന്നത് തീന്മേശയിൽ വിളമ്പിയ, ആഹാരത്തെ ആരാധിക്കുകയും അതു വിളമ്പിയ അല്ലെങ്കിൽ വിളമ്പാൻ ഏർപ്പാടു ചെയ്ത അന്നദാതാവിനെ അവഗണിക്കുകയും ചെയ്യുന്നതുപോലെ അവിവേകവും മൗഢ്യവുമാകുന്നു. ആരാധിക്കേണ്ടത് സൂര്യനെയോ ചന്ദ്രനെയോ അല്ല; ഭൂമിയെ നിങ്ങൾക്കു ജീവിതക്ഷമമാക്കുന്നതിനുവേണ്ടി സൂര്യനെയും ചന്ദ്രനെയും സൃഷ്ടിച്ച് സംവിധാനിച്ച അല്ലാഹുവിനെയാണ്.

ചില ബഹുദൈവാരാധകർ വാദിക്കും: രാപ്പകലുകളും സൂര്യചന്ദ്രന്മാരുമൊന്നുമല്ല പരമേശ്വരൻ എന്ന് ഞങ്ങൾക്കറിയാം. പരമേശ്വരൻ അവയ്ക്കൊക്കെ മീതെയാണ്. മറ്റു ദൈവങ്ങളെല്ലാം ആ മഹാദൈവത്തിന്റെ കീഴിലുള്ള ദൈവങ്ങളാണ്. ഈ കീഴ് ദൈവങ്ങളാണ് നമ്മുടെ ജീവിതം കൈകാര്യം ചെയ്യുന്ന, നമുക്ക് സമീപസ്ഥരായിട്ടുള്ള ദൈവങ്ങൾ. നമ്മൾ ഇവയെ ആരാധിക്കുമ്പോൾ ആരാധന ആത്യന്തികമായി ചെന്നുചേരുന്നത് അല്ലാഹുവിലേക്കു തന്നെയാണ്. പരമേശ്വരനിലെത്താനുള്ള നമ്മുടെ മാധ്യമങ്ങളാണ് ഈ ദൈവങ്ങൾ. അവർ നമ്മെ അല്ലാഹുവിങ്കലേക്കടുപ്പിക്കുന്നതിനു വേണ്ടി മാത്രമാകുന്നു നമ്മൾ അവരെ ആരാധിക്കുന്നത്- مَا نَعْبُدُهُمْ إِلَّا لِيُقَرِّبُونَا إِلَى اللَّهِ زُلْفَىٰ (*അസ്സുമർ* 3). ഇങ്ങനെ വാദിക്കുന്നവർക്കുള്ള മറുപടി കൂടിയാണ് إِن كُنتُمْ إِيَّاهُ تَعْبُدُونَ എന്ന വാക്യം. അതായത്, നിങ്ങൾ യഥാർഥത്തിൽ ആരാധിക്കുന്നത് അല്ലാഹുവിനെയാണെങ്കിൽ അല്ലാഹുവിനെത്തന്നെ ആരാധിക്കണം. അവന്റെ സൃഷ്ടികൾക്ക് പങ്കു വെച്ചുകൊണ്ടുള്ള അല്ലെങ്കിൽ അവരെ മാധ്യമങ്ങളാക്കിക്കൊണ്ടുള്ള ആരാധന അവനു വേണ്ടിയുള്ള ആരാധനയാവില്ല. സൂര്യചന്ദ്രന്മാർക്കുള്ള ആരാധനയെ സുജൂദ് എന്ന് വ്യവഹരിച്ചിരിക്കുന്നത്, ഉദാത്തമായ ആരാധനാ ഭാവം ഏറ്റം പ്രകടമാകുന്ന ചേഷ്ടയാണ് സുജൂദ് എന്നതുകൊണ്ടും, സൂര്യചന്ദ്രന്മാരോട് ഭക്തിയും വിധേയത്വവും പ്രകടിപ്പിക്കാൻ സാധാരണ സ്വീകരിക്കപ്പെടുന്ന രീതി സുജൂദ്- നമസ്കാരം- ആയതുകൊണ്ടുമാണ്. ഇവിടെ സുജൂദ് കൊണ്ടുദ്ദേശ്യം ഇബാദത്ത് ആണെന്ന് തുടർന്നുള്ള إِيَّاهُ تَعْبُدُونَ എന്ന വാക്യത്തിൽനിന്ന് വ്യക്തമാകുന്നു.

ഈ സൂക്തം പാരായണം ചെയ്യുമ്പോൾ പാരായകനും ശ്രോതാക്കളും സുജൂദ് ചെയ്യേണ്ടതാണെന്നാണ് ഫുഖഹാക്കളുടെ പൊതുവായ അഭിപ്രായം. ശാഫിഇ മദ്ഹബ് പ്രകാരം ഈ 37-ാം സൂക്തം പാരായണം ചെയ്യുമ്പോഴാണ് സുജൂദ് വേണ്ടത്. അടുത്ത സൂക്തം കൂടി പാരായണം ചെയ്യുമ്പോഴാണ് സുജൂദ് ചെയ്യേണ്ടതെന്നാണ് ഹനഫി മദ്ഹബ്. ഈ സൂക്തത്തിന്റെ ആശയം സുവ്യക്തവും പരിപൂർണവുമാകുന്നത് അടുത്ത സൂക്തത്തോടു കൂടിയാകുന്നു എന്നാണവരുടെ ന്യായം.

അതിൽ പറയുന്നതിതാണ്: സാക്ഷാൽ ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്ന പ്രവാചക സന്ദേശം ഈ ജനം ധിക്കാരപൂർവം തള്ളിക്കളയുകയാണെങ്കിൽ പ്രവാചകൻ ദുഃഖിക്കേണ്ടതില്ല. ആ നിഷേധം അല്ലാഹുവിന്, അവന്റെ സ്തുതീയതക്ക് യാതൊരു കുറവും വരുത്തുന്നില്ല. സാങ്കൽപിക ദൈവങ്ങളെ കൈവിട്ട് ആരാധന സാക്ഷാൽ ദൈവത്തിൽ പരിമിതപ്പെടുത്തുന്നത് നിങ്ങൾ കുറച്ചിലായി കരുതുന്നുവെങ്കിൽ അറിഞ്ഞിരിക്കുക: ദൈവങ്ങളായി സങ്കൽപിച്ച് നിങ്ങൾ ആരാധിക്കുന്ന ദൈവസാമീപ്യം സിദ്ധിച്ച മലക്കുകളുണ്ടല്ലോ, അവർ രാപ്പകൽ അല്ലാഹുവിനെ ഭജിച്ചുകൊണ്ടും വാഴ്ത്തിക്കൊണ്ടുമിരിക്കുകയാണ്. 'അവരൊരിക്കലും അതിൽ മുഷിയുകയോ മടുക്കുകയോ ചെയ്യുന്നില്ല. നാഥന്റെ അടുക്കലുള്ളവർ' - الَّذِينَ عِندَ رَبِّكَ- എന്നതിലെ അടുപ്പംകൊണ്ട് ഉദ്ദേശ്യം ഭൗതികമായ അർഥത്തിലുള്ള സാമീപ്യമല്ല. സ്നേഹാദരവുകളുടെയും ഭയഭക്തിയുടെയും അടുപ്പമാണ്. കമിതാവ് മനസ്സുകൊണ്ട് എപ്പോഴും തന്റെ പ്രേമഭാജനത്തിന്റെ സമീപത്തായിരിക്കുമല്ലോ. പ്രേമം കൂടുംതോറും അടുപ്പം മുറുകിക്കൊണ്ടിരിക്കും. അപ്പോൾ സദാ പ്രേമഭാജനത്തെ ഓർത്തുകൊണ്ടും വർണിച്ചുകൊണ്ടുമിരിക്കുന്നതിൽ കമിതാവിന് ഒരു മടുപ്പുമുണ്ടാകുന്നില്ല; മറിച്ച്, ആനന്ദമായിരിക്കും അനുഭവിക്കുക. ഏതാണ്ടിതുപോലെയാണ് ദൈവസ്നേഹ നിർഭരരായ മലക്കുകളുടെ അവസ്ഥ. الَّذِينَ عِندَ رَبِّكَ- നിന്റെ നാഥന്റെ അടുക്കലുള്ളവർ- എന്ന വാക്കിനെ, അല്ലാഹു ഒരു സ്ഥലത്ത് നിലകൊള്ളുകയാണ് എന്ന് സൂചിപ്പിക്കുന്നതായി വ്യാഖ്യാനിച്ചുകൂടാ. അല്ലാഹു പ്രപഞ്ചത്തിന്റെ വെളിച്ചമാണ്. നിങ്ങൾ എവിടെയാണോ അവിടെയെല്ലാം അവനുണ്ട്. ഒരു യാഥാർഥ്യത്തെ അഹങ്കാരപൂർവം ധാർഷ്ട്യത്തോടെ നിഷേധിക്കുന്നതിനാണ് استَكْبَرَ عَنْهُ എന്നു പറയുക. ●

وَمِنْ ءَايَٰتِهِۦٓ أَنَّكَ تَرَى ٱلْأَرْضَ خَٰشِعَةً فَإِذَآ أَنزَلْنَا عَلَيْهَا ٱلْمَآءَ ٱهْتَزَّتْ وَرَبَتْ ۚ إِنَّ ٱلَّذِىٓ أَحْيَاهَا لَمُحْىِ ٱلْمَوْتَىٰٓ ۚ إِنَّهُۥ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٣٩﴾

39. വരണ്ടുണങ്ങി ഊഷരമായി കിടക്കുന്നതായി നീ കാണുന്ന ഭൂമി മഴപെയ്താൽ ചലനംകൊള്ളുന്നതും വികസിക്കുന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാകുന്നു. ആ മരിച്ച മണ്ണിനെ ജീവിപ്പിച്ചതാരാണോ, അവൻ മരിച്ചവരെ ജീവിപ്പിക്കുന്നവൻ തന്നെയാകുന്നു. തീർച്ചയായും സകല സംഗതികൾക്കും കഴിവുള്ളവനാണവൻ.

**39**

وَمِنْ آيَاتِهِ = അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാകുന്നു

أَنَّكَ تَرَى الْأَرْضَ خَاشِعَةً = വരണ്ടുണങ്ങി ഊഷരമായി കിടക്കുന്നതായി നീ കാണുന്ന ഭൂമി

فَإِذَا أَنزَلْنَا عَلَيْهَا الْمَاءَ = അതിന്മേൽ നാം ജലം ഇറക്കിയാൽ (മഴ പെയ്താൽ)

اهْتَزَّتْ = അത് ഇളകി, തുള്ളി (ചലനം കൊള്ളുന്ന) وَرَبَتْ = വളരുകയും ചെയ്തു (വികസിക്കുന്നതും)

إِنَّ الَّذِي أَحْيَاهَا = അതിനെ (മരിച്ച മണ്ണിനെ) ജീവിപ്പിച്ചതാരാണോ അവൻ

لَمُحْيِي الْمَوْتَىٰ = മരിച്ചവരെ ജീവിപ്പിക്കുന്നവൻ തന്നെയാകുന്നു

إِنَّهُ عَلَىٰ كُلِّ شَيْءٍ قَدِيرٌ = തീർച്ചയായും സകല സംഗതികൾക്കും കഴിവുള്ളവനാണവൻ

ഇനി മറ്റൊരു ദൃഷ്ടാന്തത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. അത് അല്ലാഹുവിന്റെ സൃഷ്ടി വൈഭവത്തിന്റെ മാത്രമല്ല, മനുഷ്യർക്കവൻ വിധിച്ചിട്ടുള്ള മരണാനന്തര ജീവിതത്തിന്റെ കൂടി ദൃഷ്ടാന്തമാകുന്നു. വിനീതമായത്, വഴങ്ങുന്നത്, ഭയഭക്തിയുള്ളത്, ശുഷ്ക്കമായത്, ഊഷരമായത് എന്നെല്ലാം അർഥമുള്ള പദമാണ് خَاشِعَة. വരണ്ടുണങ്ങിയ ഊഷര ഭൂമിയാണ് ഇവിടെ ഉദ്ദേശ്യം. നടനവും തുള്ളലും ഇളക്കവും കുലുക്കവുമൊക്കെ اهْتِزَاز ആണ്. വികാസവും വളർച്ചയുമാണ് رُبُوّ. വചനസാരം: നിങ്ങൾ കാണാറില്ലേ, കൊടും വേനലിൽ വരണ്ടുണങ്ങി ഊഷരമായി കിടക്കുന്ന മൃതഭൂമി; അല്ലാഹു മഴ വർഷിക്കുമ്പോൾ അതേ ഭൂമി തുടിച്ചു തുടുത്ത് സസ്യശ്യാമളമാകുന്നു. ബഹുവിധ ധാന്യങ്ങളും ഫലമൂലാദികളും ഉൽപാദിപ്പിക്കുന്നു. വരണ്ടുണങ്ങി മൃതമായിക്കിടന്ന ഭൂമിയെ ഈ വിധം സജീവവും സുന്ദരവും ഉൽപാദന ക്ഷമവുമാക്കുന്നവനാരാണോ, അവൻ മരിച്ചവരെ പുനരുജ്ജീവിപ്പിക്കാൻ കഴിവുള്ളവൻ തന്നെയാകുന്നു എന്ന കാര്യത്തിൽ സംശയിക്കാൻ ഒരു ന്യായവുമില്ല. അചേതന വസ്തുക്കളെ പുനരുജ്ജീവിപ്പിക്കുന്നവന് അതിനെക്കാൾ അനായാസകരമാണ് സചേതനങ്ങളെ പുനരുജ്ജീവിപ്പിക്കുക. എന്തിനും അറിവും കഴിവും ഉള്ള ശക്തിക്ക് വസ്തുക്കളെ ഇല്ലായ്മയിൽനിന്ന് ഉളവാക്കാനും എന്നിട്ട് അതിനെ ശൂന്യമാക്കാനും പിന്നെയും സജീവമാക്കാനുമൊക്കെ കഴിയുന്നു. വർഷാന്തം ഭൂമിയിലെ സസ്യലോകത്ത് നടന്നുവരുന്ന ഈ ജനിമൃതികളും പുനർജനികളും തന്നെ, സസ്യങ്ങളെ ജനിപ്പിക്കുകയും മരിപ്പിക്കുകയും പുനർജനിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന അല്ലാഹുവിന് അവൻ ജനിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്ന മനുഷ്യരെയും പുനർജീവിപ്പിക്കുക ഒട്ടും അസാധ്യമാവില്ല എന്നതിന് സദ്ബുദ്ധിയുള്ളവർക്ക് മതിയായ ദൃഷ്ടാന്തമാകുന്നു. ●

إِنَّ ٱلَّذِينَ يُلْحِدُونَ فِىٓ ءَايَٰتِنَا لَا يَخْفَوْنَ عَلَيْنَآ ۗ أَفَمَن يُلْقَىٰ فِى ٱلنَّارِ خَيْرٌ أَم مَّن يَأْتِىٓ ءَامِنًا يَوْمَ ٱلْقِيَٰمَةِ ۚ ٱعْمَلُوا۟ مَا شِئْتُمْ ۖ إِنَّهُۥ بِمَا تَعْمَلُونَ بَصِيرٌ ﴿٤٠﴾

40. നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വക്രതയുണ്ടാക്കുന്നവരുണ്ടല്ലോ– അവർ ഒരിക്കലും നമ്മിൽനിന്ന് മറഞ്ഞുപോകുന്നില്ല. നരകത്തിൽ വലിച്ചെറിയപ്പെടുന്നവനാണോ ശ്രേഷ്ഠൻ, അതോ അന്ത്യനാളിൽ നിർഭയനായി എത്തുന്നവനോ? ഇഷ്ടമുള്ളതൊക്കെയും ചെയ്തുകൊള്ളുവിൻ. നിങ്ങൾ ചെയ്യുന്നതെന്തും അല്ലാഹു സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ട്.

**40**

إِنَّ الَّذِينَ يُلْحِدُونَ فِي آيَاتِنَا = നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വക്രതയുണ്ടാക്കുന്നവർ, (ഉണ്ടല്ലോ)

لَا يَخْفَوْنَ عَلَيْنَا = അവർ (ഒരിക്കലും) നമ്മുടെ മേൽ (നമ്മിൽനിന്ന്) അവ്യക്തമാകുന്നില്ല (മറഞ്ഞുപോകുന്നില്ല)

أَفَمَن يُلْقَىٰ فِي النَّارِ خَيْرٌ = നരകത്തിൽ വലിച്ചെറിയപ്പെടുന്നവനാണോ ശ്രേഷ്ഠൻ

أَم مَّن يَأْتِي آمِنًا يَوْمَ الْقِيَامَةِ = അതോ ഉയിർത്തെഴുന്നേൽപ്പുനാളിൽ നിർഭയനായി വരു(എത്തു)ന്നവനോ?

اعْمَلُوا مَا شِئْتُمْ = നിങ്ങൾ ഉദ്ദേശിക്കുന്നത് (ഇഷ്ടമുള്ളതൊക്കെയും) പ്രവർത്തിച്ചു കൊള്ളുവിൻ

إِنَّهُ = തീർച്ചയായും അവൻ (അല്ലാഹു) بِمَا تَعْمَلُونَ = നിങ്ങൾ ചെയ്യുന്നതിനെ (യ്യുന്നതെന്തും)

بَصِيرٌ = നല്ലവണ്ണം കാണുന്നവനാകുന്നു (സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ട്)

لَحْد-ൽനിന്നുള്ള സകർമക ബഹുവചന വർത്തമാന ക്രിയയാണ് يلْحِدُون. വ്യതിയാനവും വക്രതയും ചരിവുമൊക്കെയാണ് لحد. ഖബ്റിൽ അടിക്കബർ താഴ്ത്തി ഉണ്ടാക്കുന്നതിനു പകരം ഏതെങ്കിലും ഒരു പാർശ്വം തുരന്ന് മയ്യിത്ത് വെക്കാൻ പാകത്തിൽ ഉണ്ടാക്കുന്ന അറയ്ക്ക് لحد എന്നു പറയുന്നു. استقامة -ശരിയായ അവസ്ഥ-യിൽനിന്നുള്ള ചായലും ചരിയലും വ്യതിചലിക്കലുമാണ് الحاد-ന്റെ യാഥാർഥ്യം. സത്യനിഷേധവും الحاد ആകുന്നു. ഈയർഥത്തിൽ കുഫ്റിന്റെ പര്യായമാണത്. വിശദാംശത്തിൽ രണ്ടും തമ്മിൽ വ്യത്യാസമുണ്ട്. ഖണ്ഡിതമായ സത്യനിഷേധമാണ് കുഫ്റ്. സത്യത്തെ പ്രത്യക്ഷത്തിൽ സ്വീകരിച്ചുകൊണ്ട് ദുർവ്യാഖ്യാനങ്ങളിലൂടെ അതിനെ പാർശ്വവൽക്കരിച്ച് മുഖ്യസ്ഥാനത്ത് തെറ്റായ ആശയം സ്ഥാപിക്കുകയാണ് الحاد. ആശയങ്ങളിൽ الحاد ചെയ്യുകയെന്നാൽ വിശ്വാസങ്ങളെയും പ്രമാണങ്ങളെയും സ്വാർഥ താൽപര്യത്തിനൊത്ത് വ്യാഖ്യാനിക്കുകയും ആചരിക്കുകയുമാണ്. ഈ അർഥത്തിലാണ് ഇവിടെ يُلْحِدُونَ فِي آيَاتِنَا എന്നു പറഞ്ഞിരിക്കുന്നത്. ഈ സൂറ ഇതുവരെ പറഞ്ഞ പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളും ദൈവിക സൂക്തങ്ങളുമാണ് آياتنا. ആയതുകളിൽ الحاد ചെയ്യുന്നതിന് പല രൂപങ്ങളുണ്ട്: മുകളിൽ പരാമർശിച്ച രാപ്പകലുകൾ എടുക്കുക. അത് ദൈവത്തിന്റെ അസ്തിത്വത്തെയും സൃഷ്ടിവൈഭവത്തെയും സാക്ഷ്യപ്പെടുത്തുന്ന ദൃഷ്ടാന്തമാണെങ്കിലും അതിൽ സവിശേഷമായ ഉദ്ദേശ്യലക്ഷ്യങ്ങളൊന്നുമില്ലെന്നും ദൈവത്തിന്റെ ലീലാവിലാസം മാത്രമാണെന്നും വ്യാഖ്യാനിക്കും. ചിലർ വാദിക്കുന്നു: പ്രപഞ്ച സാകല്യം സൃഷ്ടിച്ചു വച്ച ഏതോ ഒരു ശക്തിയുണ്ട്. അത് ദൈവമാകാം, ആകാതിരിക്കാം. ആ ശക്തി അബോധമാണെങ്കിൽ പ്രാപഞ്ചിക വസ്തുക്കളിൽ കാണപ്പെടുന്ന ഗുണങ്ങളെല്ലാം യാദൃച്ഛികമാണ്. സബോധമാണെങ്കിൽ അവൻ ഇതൊക്കെ സൃഷ്ടിക്കുന്നത് സൃഷ്ടിക്കാനുള്ള തന്റെ കഴിവ് പ്രകടമാക്കുന്നതിനുവേണ്ടി മാത്രമാണ്. അതങ്ങനെ അനന്തകാലം നിലനിൽക്കും. ഒരു വേള ഇതെല്ലാം തച്ചുടക്കണമെന്ന് തോന്നിയാൽ അവൻ എല്ലാം നശിപ്പിക്കുകയും ചെയ്യും. അതിലപ്പുറം ഒന്നുമില്ല. വേറെ ചിലർ വ്യാഖ്യാനിക്കും: പ്രപഞ്ചം ഒരു ദൈവം ഒറ്റക്ക് സൃഷ്ടിച്ചു പരിപാലിക്കുന്നതല്ല. അനേകമനേകം ദൈവങ്ങൾ സഹകരിച്ചു നടത്തുന്ന സംരംഭമാണിത്. എല്ലാ ദൈവങ്ങളും ആരാധ്യരാകുന്നു. എല്ലാവർക്കും പ്രപഞ്ചത്തിലെ സൃഷ്ടികളെ രക്ഷിക്കാനും ശിക്ഷിക്കാനുമൊക്കെ ശക്തിയും അധികാരവുമുണ്ട്. ഇതൊക്കെയും ദൃഷ്ടാന്തങ്ങളെ തെറ്റായി വായിക്കലും വ്യാഖ്യാനിക്കലും - الحاد- ആകുന്നു.

ദൈവിക സൂക്തങ്ങളിലുള്ള ഏറ്റവും വലിയ الحاد, വേദസൂക്തങ്ങൾ എന്നപേരിൽ അവതരിപ്പിക്കപ്പെടുന്നത് പരിഗണനീയമായ തത്ത്വങ്ങളാണെങ്കിലും ദൈവം വേദഗ്രന്ഥങ്ങൾ ഇറക്കുകയോ അത് പ്രബോധനം ചെയ്യാൻ ദൈവദൂതന്മാരെ നിയോഗിക്കുകയോ ചെയ്തിട്ടില്ല എന്ന വാദമാണ്. ആ വാദം സമർഥിക്കുവാൻ വേണ്ടി ദൈവിക സൂക്തങ്ങൾക്ക് തെറ്റായ അർഥങ്ങൾ കൽപിക്കുകയും ദുർവ്യാഖ്യാനങ്ങൾ നൽകുകയും ചെയ്യുന്നു. ഉദാഹരണം: മക്കൾ മാതാപിതാക്കളെ അനുസരിക്കുകയും ആദരിക്കുകയും സ്നേഹമസൃണമായി പരിപാലിക്കുകയും ചെയ്യണമെന്നും അവരോട് കയർത്തു സംസാരിക്കുക പോലും ചെയ്യരുതെന്നും ഖുർആൻ ആവർത്തിച്ചനുശാസിക്കുന്നു. ഉദാ: 17:23-24. ഈ സൂക്തങ്ങൾ ചൂണ്ടിക്കാണിച്ചു കൊണ്ട് ഖുറൈശികൾ മുഹമ്മദ് നബിയോട് തർക്കിക്കാറുണ്ടായിരുന്നു: മക്കൾ മാതാപിതാക്കളെ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യണമെന്ന് ദൈവം അനുശാസിക്കുന്നതായി നീ ഞങ്ങളോട് വേദം ഓതിക്കൊണ്ടിരിക്കുന്നു. പക്ഷേ, ഞങ്ങളുടെ കുടുംബങ്ങളിലെ പല യുവാക്കളും ഇസ്ലാം സ്വീകരിച്ച് നിന്റെ കൂടെ ചേർന്നിട്ടുള്ളത് അവരുടെ മാതാപിതാക്കളെ ധിക്കരിച്ചുകൊണ്ടാണ്. ചില മാതാപിതാക്കൾ, മക്കൾ തങ്ങളുടെ മതത്തിലേക്ക് തിരിച്ചു വന്നില്ലെങ്കിൽ മരിച്ചു കളയുമെന്നുവരെ പറയുന്നു. മക്കളാകട്ടെ അതൊന്നും വകവെക്കുന്നില്ല. എന്തുകൊണ്ട് നീ അവരെ അവരുടെ മാതാപിതാക്കളെ അനുസരിക്കാനുപദേശിച്ച് പൂർവമതത്തിലേക്ക് തിരിച്ചയക്കുന്നില്ല? മാത്രമല്ല, പൂർവ മതത്തിലേക്ക് തിരിച്ചുവരാൻ മാതാപിതാക്കൾ എത്ര നിർബന്ധിച്ചാലും അതിനും വഴങ്ങരുതെന്ന് ഖുർആൻ തന്നെ പറയുന്നു. ഈ ദൈവിക സൂക്തങ്ങൾ പരസ്പര വിരുദ്ധമായിട്ടാണ് സംസാരിക്കുന്നത്. അതിന് ഒന്നിലും കൃത്യമായ നിലപാടില്ല.

വേദവിശ്വാസികൾ അന്ത്യപ്രവാചകനെയും വിശുദ്ധ ഖുർആനിനെയും നിഷേധിക്കാൻ അവലംബിക്കുന്നതധികവും സ്വന്തം വേദത്തിലെ പ്രമാണങ്ങൾക്കും ഖുർആൻ സൂക്തങ്ങൾക്കും കൽപ്പിക്കുന്ന തെറ്റായ അർഥങ്ങളും ദുർവ്യാഖ്യാനങ്ങളുമാണ്. സ്വാർഥ ലാഭങ്ങൾക്കു വേണ്ടിയും സംഘടനാ താൽപര്യങ്ങൾക്കു വേണ്ടിയും വേദസൂക്തങ്ങളിൽ الحاد നടത്തുന്നവരെ മുസ്ലിം പണ്ഡിതന്മാരുടെ കൂട്ടത്തിലും കാണാം. സത്യവിശ്വാസികൾ അല്ലാഹുവിനോടു മാത്രമേ പ്രകൃത്യതീതമായ സഹായം തേടാവൂ (اِيَّاكَ نستعين)എന്നും അവനല്ലാത്തവരോട് അത്തരം സഹായം തേടുന്നതും പ്രാർഥിക്കുന്നതും ശിർക്ക് ആണെന്നും വ്യക്തമാക്കുന്ന അനേകം സൂക്തങ്ങൾ ഖുർആനിലുണ്ട്. ഈ സൂക്തങ്ങളെ ദുർവ്യാഖ്യാനം - الحاد- ചെയ്തുകൊണ്ട്, മൺമറഞ്ഞ പുണ്യാത്മാക്കളോടും അമ്പിയാ-ഔലിയാക്കളോടും സഹായം തേടി പ്രാർഥിക്കുന്നത് ഫലപ്രദവും പുണ്യകർമവുമാണെന്ന് പാമര ജനങ്ങളെ തെറ്റുധരിപ്പിച്ചുകൊണ്ടിരിക്കുന്ന മതപണ്ഡിതന്മാർ ഏറെയുണ്ടല്ലോ. 'മിതപ്പലിശ' അനുവദനീയമാണെന്ന ചില പണ്ഡിതന്മാരുടെ വാദം الحاد-ന്റെ മറ്റൊരു ഉദാഹരണമാകുന്നു.

ഇങ്ങനെ, പ്രാപഞ്ചിക പ്രതിഭാസങ്ങളിൽ തെളിയുന്ന ദൃഷ്ടാന്തങ്ങളെയും ദൈവിക സൂക്തങ്ങളെയും വക്രബുദ്ധിയോടെ കാണുകയും ദുർവ്യാഖ്യാനിക്കുകയും ചെയ്യുന്നവർ അതൊന്നും അല്ലാഹു കാണുന്നില്ലെന്നു കരുതേണ്ട. അവരുടെ ദുർവ്യാഖ്യാനങ്ങളും അടവുനയങ്ങളും കാപട്യങ്ങളുമൊക്കെ അല്ലാഹു ശരിക്കും അറിയുന്നുണ്ട്. ആ അറിവനുസരിച്ചായിരിക്കും അന്ത്യനാളിൽ അല്ലാഹു അവരെ സമീപിക്കുക. لَا يَخْفَوْنَ عَلَيْنَا എന്ന വാക്യം ഒരു പ്രസ്താവന എന്നതിലപ്പുറം ശക്തമായ താക്കീതു കൂടിയാണ്. ഈ നിലപാട് സ്വീകരിച്ചവർ സഗൗരവം ആലോചിക്കട്ടെ; പരലോകത്ത് കത്തിയെരിയുന്ന നരകത്തിൽ വലിച്ചെറിയപ്പെടുന്നവനാണോ, അതല്ല അന്ത്യനാളിൽ ശുഭപ്രതീക്ഷയോടെ നിർഭയനായി അല്ലാഹുവിങ്കലെത്തുന്നവനാണോ ശ്രേഷ്ഠൻ എന്ന്. ഈ താക്കീത് മാനിക്കാനും സ്വന്തം വിശ്വാസങ്ങളും കർമരീതികളും സംസ്കരിക്കാനും തയാറാകാത്തവർ ഇഷ്ടമുള്ളതെന്തും ചെയ്തുകൊള്ളുക. പക്ഷേ ഒന്നുണ്ട്, നിങ്ങൾ പ്രവർത്തിക്കുന്നതൊക്കെയും അല്ലാഹു സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ട്. സ്രഷ്ടാവ് സൃഷ്ടികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നത് നേരം പോക്കായിട്ടല്ല; സ്രഷ്ടാവ് കൽപിച്ച ധർമങ്ങൾ സൃഷ്ടി നിർവഹിക്കുന്നുണ്ടോ ഇല്ലേ എന്നറിയാനും ആ അറിവനുസരിച്ച് അവർക്ക് രക്ഷാശിക്ഷകൾ വിധിക്കാനുമാകുന്നു. ●